നിയമസഭാ നടപടികൾ

അഞ്ചാം കേരള നിയമസഭ

ആറാം സമ്മേളനം

1979 സെപ്തംബർ 27, വ്യാഴം

വാല്യം XLVIII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 4

നിയമസഭ 1979 സെപ്തംബർ 27-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേമ്പറിൽകൂടി.

ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

(ചോദ്യം 68 ചോദിച്ചില്ല)

മൽസ്യത്തൊഴിലാളികളെക്കുറിച്ചുള്ള സർവ്വെ

* 61 [69] ശ്രീ. ഇ. നാരായണൻ നായർ:

,, തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള:

,, ടി. എച്ച്. മുസ്തഫ:

,, കെ. എസ്. നാരായണൻ നമ്പൂതിരി:

ഡോ. കെ. ജി. അടിയോടി: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഫിഷറീസ് ഡവലപ്പ്മെൻറ് കോർപ്പറേഷൻ രൂപീകൃതമായതിനു ശേഷം നടത്തിയ മൽസ്യത്തൊഴിലാളികളെക്കുറിച്ചുള്ള സർവ്വെ പൂർത്തിയായോ ?

തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): പൂർത്തിയായി.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: മൽസ്യത്തൊഴിലാളികളെ ബാധിക്കുന്ന കാര്യങ്ങളെക്കുറിച്ച് സർവ്വേ നടത്താൻ തീരുമാനിച്ചതിൽ ഏതെല്ലാം കാര്യങ്ങളെപ്പറ്റി അന്വേഷിക്കാനാണ് ഗവൺമെൻറ് തീരുമാനിച്ചിരുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: മൽസ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക സ്ഥിതിയെക്കുറിച്ചുള്ള വിവരം ശേഖരിക്കാനാണ്.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: ഭവനനിർമ്മാണത്തിനാവശ്യമായ തുകയും വലയും വള്ളവും കൊടുക്കാനുള്ള നടപടികളാണ് ഗവൺമെൻറ് സ്വീകരിക്കാൻ പോകുന്നതെന്നു കേട്ടു. അങ്ങനെയാണെങ്കിൽ അതിനുള്ള സാമ്പത്തിക ബാദ്ധ്യത നിറവേറ്റാൻ മറ്റു എന്തു മാർഗ്ഗങ്ങളും അവലംബിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: വള്ളവും വലയും നൽകുന്നതും ഈ സർവ്വേയും തമ്മിൽ ബന്ധമില്ല. അവരുടെ സാമൂഹിക സാമ്പത്തിക സ്ഥിതി മനസ്സിലാക്കി എന്തെല്ലാം ആനുകൂല്യങ്ങളും അവർക്ക് നൽകണമെന്ന കാര്യത്തിനാണ് സർവ്വേ നടത്തുന്നത്.

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: മൽസ്യത്തൊഴിലാളികൾക്ക് വലയും വള്ളവും മറ്റു സൗകര്യങ്ങളും ചെയ്തുകൊടുത്താൽ അതിൽ ഭൂരിഭാഗവും ഇടത്തട്ടുകാരാണ് കൊണ്ടുപോകുന്നതെന്ന വസ്തുത മനസ്സിലാക്കി അവരെ ഇടത്തട്ടുകാരിൽനിന്നും രക്ഷിക്കുന്ന കാര്യത്തിനു വേണ്ട മുൻഗണന കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: സർവ്വേ ചെയ്തുകഴിഞ്ഞാൽ അവർക്ക് പ്രത്യേകമായ കാർഡു നൽകും. ആ കാർഡ് ഹാജരാക്കുന്ന മൽസ്യത്തൊഴിലാളികൾക്ക് മാത്രമേ ആനുകൂല്യങ്ങൾ ലഭിക്കുകയുള്ളു. അതുകൊണ്ട് ഇടത്തട്ടുകാരുടെ ചൂഷണം അവസാനിപ്പിക്കാൻ സാധിക്കും.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: ഈ സർവ്വേയുടെ അടിസ്ഥാനത്തിൽ മൽസ്യത്തൊഴിലാളികളുടെ പുരോഗതിക്ക് അനുഗുണമായ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാനാണ് ഗവൺമെൻറ് തീരുമാനിച്ചിട്ടുള്ളത്?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: സർവ്വേ പൂർത്തിയായി എങ്കിലും അതിൻെറ റിപ്പോർട്ട് ഗവൺമെൻറിന് ലഭിച്ചു കഴിഞ്ഞിട്ടില്ല. റിപ്പോർട്ട് കിട്ടിയതിനുശേഷം എന്തെല്ലാം ആനുകൂല്യങ്ങൾ നൽകണമെന്നുള്ള കാര്യം ഗവൺമെൻറ് ആലോചിക്കാം.

ശ്രീ. സേവ്യർ അറയ്ക്കൽ: ഈ റിപ്പോർട്ട് എന്നാണ് കിട്ടിയത്, എന്നു തീരുമാനമെടുക്കാൻ സാധിക്കുമെന്നു പറയാമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: റിപ്പോർട്ട് ലഭിച്ചു കഴിഞ്ഞിട്ടില്ല എന്നു ഞാൻ പറഞ്ഞതിൻെറ അടിസ്ഥാനത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എം. സത്യനേശൻ: ഈ സർവ്വേ റിപ്പോർട്ടിൽ ഇന്നലെവരെ മൽസ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുള്ള ബോട്ട് തുടങ്ങിയ സൗകര്യങ്ങളെ സംബന്ധിച്ച് പരിഗണിച്ചിട്ടുണ്ടോ? ഇല്ലാത്ത സൊസൈറ്റികളുടെ പേരിൽ ബോട്ടുവാങ്ങി ദുർവിനിയോഗം ചെയ്തിട്ടുള്ള കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതേപ്പറ്റി റിപ്പോർട്ടിൽ പരിഗണിച്ചിട്ടുണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: ബോട്ടു വാങ്ങി ദുർവിനിയോഗം ചെയ്തു എന്നുള്ളതിനെ സംബന്ധിച്ചിടത്തോളമുള്ള സർവ്വേയല്ല ഇന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

മൽസ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക സ്ഥിതി എന്താണെന്നുള്ളതിനെ സംബന്ധിച്ച സർവ്വേയാണ് നടത്തുന്നത്.

ശ്രീ. പി. കെ. ശങ്കരൻ കുട്ടി: സർവ്വേ റിപ്പോർട്ട് കിട്ടിയിട്ടില്ലെന്നു പറഞ്ഞു. ഏതു തരത്തിൽ പൂർത്തിയായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കാർഡ് കൊടുത്തതെന്നു മന്ത്രി പറഞ്ഞത്? താൽക്കാലികമായി വല്ല റിപ്പോർട്ടും കിട്ടിയതിന്റെ അടിസ്ഥാനത്തിൽ എടുത്ത നടപടിയാണോ അത്? അങ്ങനെയാണെങ്കിൽ താൽക്കാലികമായ ശുപാർശകൾ എന്തെല്ലാമാണ്? അതിൽ എന്തെല്ലാം അനുവദിച്ചുകൊടുത്തു.

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: ആദ്യമായി കാർഡ് കൊടുത്തു എന്നു പറഞ്ഞില്ല, കാർഡ് കൊടുക്കുമെന്നാണ് പറഞ്ഞത്. റിപ്പോർട്ടു പൂർത്തിയായിട്ടുണ്ട്. 1,20,000 ഫാറങ്ങൾ ഓരോ കുടുംബത്തിനായി വിതരണം ചെയ്തിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞിട്ടില്ല, അതു കിട്ടിയാലെ ഡിപ്പാർട്ടുമെന്റിന് നടപടികൾ എടുക്കാൻ സാധിക്കുകയുള്ളു.

ശ്രീ. എ. വി. താമരാക്ഷൻ: മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ സമൂഹ്യവും സാമ്പത്തികവുമായ സ്ഥിതിവിവരങ്ങൾ ശേഖരിക്കുന്നതിനുവേണ്ടിയാണ് സർവ്വേ നടത്തിയിരിക്കുന്നത്. ആ സർവ്വേ പൂർത്തിയായിക്കഴിഞ്ഞിരിക്കുകയാണ്. പൊതുവായി ഈ തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക സ്ഥിതിവിവരങ്ങളെ സംബന്ധിച്ച് ഗവൺമെന്റിന് ലഭിച്ച ആ റിപ്പോർട്ടിലെ വിശദാംശങ്ങൾ ഒന്നു വിശദീകരിക്കാമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: റിപ്പോർട്ട് ലഭിച്ചിട്ടില്ലെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു.

ശ്രീ. ഇ. അഹമ്മദ്: മൽസ്യത്തൊഴിലാളികളുടെ പ്രധാന പ്രശ്നം കിടപ്പാടമില്ലെന്നുള്ളതാണ്. അവർക്ക് ഭവനങ്ങൾ നിർമ്മിച്ചുകൊടുക്കാനുള്ള വല്ല പദ്ധതിയുമുണ്ടോ? അതുകൂടി ഈ സർവ്വേയുടെ പരിധിയിൽ വരുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: വളരെ വിപുലമായ തോതിലുള്ള ഭവനനിർമ്മാണ പദ്ധതികൾ ഇന്നുതന്നെ നിലവിലുണ്ട്. പതിനായിരക്കണക്കിനുള്ള വീടുകളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. അതിനുപുറമേ അവരുടെ സാമൂഹിക സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് സർവ്വേ നടത്തുമ്പോൾ ആ കാര്യവും തീർച്ചയായും ഉൾപ്പെടും.

ശ്രീ. ആർ. ബാലകൃഷ്ണ പിള്ള: പത്തു മുപ്പതുകൊല്ലമായി സംസ്ഥാന ഗവൺമെന്റിന്റേയും കേന്ദ്രഗവൺമെന്റിന്റേയും ആഭിമുഖ്യത്തിൽ കൊടുത്തിട്ടുള്ള ഒട്ടേറെ സഹായങ്ങൾ യഥാർത്ഥ മൽസ്യത്തൊഴിലാളികൾക്ക് ലഭിച്ചിട്ടില്ലെന്നും കുറേ ഇടനിലക്കാർക്കാണ് അതുകൊണ്ട് പ്രയോജനമുണ്ടായിട്ടുള്ളതെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ ഈ കാര്യംകൂടി ഈ അന്വേഷണത്തിൽ ഉൾപ്പെടുത്തി അതിനെക്കുറിച്ചുകൂടി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ വേണ്ട നിർദ്ദേശംനൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നുള്ളത് ഈ സഭയിൽ ഞാൻ പല പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. ചൂഷണം വളരെക്കാലമായി നടന്നുവരികയാണ്. അത് അവസാനിപ്പിക്കാനുള്ള നടപടികളും എടുത്തിട്ടുണ്ട്, പക്ഷേ പൂർണ്ണമായി അവസാനിപ്പിച്ചു എന്നു പറയുന്നില്ല. കാരണം അവരുടെ അറിവില്ലായ്മയെ ചൂഷണം ചെയ്യുന്നതുകൊണ്ടാണ്. ഞാൻ പറഞ്ഞതുപോലെ ഈ സർവ്വേ പൂർത്തിയായിക്കഴിഞ്ഞാൽ കാർഡു നൽകുകയും കാർഡ് ഹാജരാക്കുന്നവർക്ക് മാത്രമേ ഈ ആനുകൂല്യം നൽകുകയും ചെയ്യുകയുള്ളു.

ശ്രീ. പി. ശങ്കർ: മൽസ്യത്തൊഴിലാളികളുടെ സർവ്വേയിൽ കടലോരത്തുള്ള ആളുകളെ മാത്രമേ ഉൽപ്പെടുത്തിയിട്ടുള്ളോ? അതല്ലാതെ പുഴകളിലും കുളങ്ങളിലും നദികളിലും മൽസ്യം പിടിച്ചു ജീവിക്കുന്ന കുറേ ആളുകളുണ്ട്. അവരെക്കൂടി ഈ സർവേയിൽ ഉൾപ്പെടുത്തുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: അതുംകൂടി ഉൾപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. കെ. പി. നൂറുദ്ദീൻ: സർവ്വേ പൂർത്തിയായി എന്നും പക്ഷേ റിപ്പോർട്ട് ഗവൺമെൻറിന് കിട്ടിയിട്ടില്ലെന്നും പറഞ്ഞു. പൂർത്തിയായ റിപ്പോർട്ട് ഗവൺമെൻറിന് കിട്ടാൻ എന്താണ് കാലതാമസം? എന്നു കിട്ടുമെന്നാണ് ഗവൺമെൻറ് പ്രതീക്ഷിക്കുന്നത്?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: കഴിഞ്ഞ ആഗസ്റ്റ് 30-ാം തീയതിയോടുകൂടി സർവ്വേ പൂർത്തിയായി. ഞാൻ പറഞ്ഞതുപോലെ ഫാറം വിതരണം ചെയ്തിട്ടുണ്ട്. ഫാറംകൂടി പൂരിപ്പിച്ചു കിട്ടിക്കഴിഞ്ഞതിനു ശേഷമേ ശരിയായ റിപ്പോർട്ട് തരാൻ സാധിക്കുകയുള്ളു.

ശ്രീ. എം. കെ. കൃഷ്ണൻ: ഫാറം വിതരണം ചെയ്തിട്ടുണ്ടെന്നു പറഞ്ഞു. വിതരണം ചെയ്ത ഫാറമെല്ലാം കിട്ടി വിവരം ശേഖരിച്ചുകഴിഞ്ഞാലേ റിപ്പോർട്ടാകുകയുള്ളു എന്നു പറയുന്നു. അതേസമയം സർവ്വേ പൂർത്തിയായി എന്നും പറയുന്നു. ഇതിൽ ഏതാണ് ശരി? റിപ്പോർട്ട് പൂർത്തിയായതിനുശേഷമാണോ ഫാറം വിതരണം ചെയ്തത്?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: രണ്ടും ശരിതന്നെയാണ്. സർവ്വേ നടത്തുക എന്നു പറഞ്ഞാൽ ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥൻമാർ ഓരോ കുടുംബത്തിലും കയറി അവരുടെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കലാണ്. അതോടുകൂടി ഫാറവും പൂരിപ്പിച്ചു കിട്ടുന്നതിന് കൊടുത്തിട്ടുണ്ട്. അതെല്ലാം ക്രോഡീകരിച്ച് റിപ്പോർട്ടു കിട്ടിയാലേ ശരിയായ റിപ്പോർട്ട് ഗവൺമെൻറിന് അയക്കുകയുള്ളു. ആ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിലാണ് ഗവൺമെൻറ് നടപടി എടുക്കുന്നത്.

ശ്രീ. ഇ. നാരായണൻ നായർ: ഫിഷറീസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ മൽസ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനുള്ള കടം കൊടുക്കുന്നത് ചില സാങ്കേതിക കാരണത്താൽ അവർക്ക് കിട്ടുന്നില്ലെന്നുള്ളത് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? മൽസ്യത്തൊഴിലാളികൾ എന്നുള്ള ഡെഫിനിഷനിൽ സീ ഗോയിംഗ് ഫിഷർമെൻ എന്നാണ് പറഞ്ഞിരിക്കുന്നത്. സ്വന്തം പേരിൽ ഭൂമിയുള്ളവർക്കേ കൊടുക്കുകയുള്ളു. അമ്മ

LIBRARY ARCHIVES Kerala Legislative Assembly

യുടേയോ ഭാര്യയുടേയോ പേരിൽ ഭൂമിയുള്ളവർക്ക് വീടുവയ്ക്കാൻ പണം കിട്ടുന്നില്ല, ഈ സാങ്കേതിക കാരണംകൊണ്ട് യഥാർത്ഥ മത്സ്യത്തൊഴിലാളികൾക്ക് സഹായം ലഭിക്കുന്നില്ല. ഇതു പരിഹരിക്കാൻവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: ആരംഭത്തിൽ അങ്ങനെയുള്ള സാങ്കേതിക തടസ്സമുണ്ടായിരുന്നു. ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ ഫലമായി പല സാങ്കേതിക തടസ്സത്തിനും പരിഹാരമുണ്ടാക്കിയിട്ടുണ്ട്.

ശ്രീ. എം. വി. രാഘവൻ: സർവ്വേയുടെ കൂട്ടത്തിൽ നഷ്ടത്തിൽ നടക്കുന്ന മത്സ്യത്തൊഴിലാളികളുടെ സഹകരണസംഘങ്ങളുടെ കാര്യവും അതുപോലെതന്നെ ഫിഷറീസ് കോർപ്പറേഷന്റെ തകർച്ചയുംകൂടി ഉൾപ്പെടുത്തി അന്വേഷണം നടത്താൻ വേണ്ട നിർദ്ദേശം നൽകുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: നടത്താൻ സാദ്ധ്യമല്ല, സർവ്വേ കഴിഞ്ഞു എന്നു ഞാൻ പറഞ്ഞു.

ശ്രീ. എസ്. ത്യാഗരാജൻ: ഫിഷറീസ് കോർപ്പറേഷൻ രൂപീകരിച്ചതിനുശേഷം ആ കോർപ്പറേഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നു വ്യക്തമാക്കാമോ? അതുപോലെതന്നെ ഭവനനിർമ്മാണത്തിന്റെ കാര്യത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ബാദ്ധ്യതാ സർട്ടിഫിക്കറ്റു ലഭിക്കുന്നതിന് വളരെയേറെ ബുദ്ധിമുണ്ടാകുന്നു എന്നും, കൂടുതൽ പണച്ചെലവു ഉണ്ടാകുന്നു എന്നുമുള്ള വസ്തുത മനസ്സിലാക്കിക്കൊണ്ട് ഹരിജൻ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ള രീതിയിൽ ചെലവു കുറഞ്ഞ രീതിയിൽ ബാദ്ധ്യതാ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള എന്തെങ്കിലും മാർഗ്ഗം നിർദ്ദേശിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: മത്സ്യത്തൊഴിലാളികൾക്ക് ഭവനങ്ങൾ നിർമ്മിക്കുന്നതിന് സാമ്പത്തികസഹായം ഉൾപ്പെടെ പല ആനുകൂല്യങ്ങളും നൽകുന്നതിനാണ് ഫിഷറീസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ രൂപീകരിച്ചിട്ടുള്ളത്. അവയുടെ പ്രവർത്തനത്തിൽ എന്തെങ്കിലും പോരായ്മകൾ ഉണ്ടെങ്കിൽ അതു ചൂണ്ടിക്കാണിച്ചാൽ അതു പരിഹരിക്കാൻവേണ്ട നടപടി എടുക്കാം.

ശ്രീ. എ. വി. താമരാക്ഷൻ: മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന ഈ ആനുകൂല്യങ്ങൾ ഒന്നുംതന്നെ ഭൂരിപക്ഷം യഥാർത്ഥ മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നില്ല എന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നു സൂചിപ്പിച്ചു. ഈ അപാകതകൾ പരിഹരിക്കുന്നതിന് ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ രജിസ്റ്റർ ചെയ്യുകയും അങ്ങനെ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്കുമാത്രം ഈ ആനുകൂല്യം കൊടുക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു, രജിസ്റ്റർ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് കാർഡുകൾ വിതരണം ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോസഫ്: കടലിലും കായലിലും പോകുന്നില്ലെങ്കിലും സൈക്കിളിലും തലച്ചുമടായും മറ്റും മൽസ്യം വിറ്റുമാത്രം ഉപജീവനം കഴിക്കുന്ന മൽസ്യത്തൊഴിലാളികൾക്കുകൂടി മൽസ്യത്തൊഴിലാളികൾക്കു നൽകുന്ന ആനുകൂല്യങ്ങൾ നൽകാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: അതു സാദ്ധ്യമല്ല. അവർക്ക് മറ്റ് എന്താനുകൂല്യങ്ങൾ ചെയ്യാൻ സാധിക്കുമെന്നുള്ള കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽ ഇരിക്കുകയാണ്.

കൃഷിവകുപ്പിൽ ഗസറ്റഡ് ആഫീസറൻമാരുടെ പുതിയ തസ്തികകൾ

* 62 [70] ശ്രീ. ടി. കെ. അബ്ദു:
,, എം. സത്യനേശൻ:
,, എം. വി. രാഘവൻ:
,, പിണറായി വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സഭയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിൽ മുന്നൂറോളം ഗസറ്റഡ് ആഫീസറൻമാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബ) എങ്കിൽ ഇതുമൂലം എന്തു സാമ്പത്തിക ബാദ്ധ്യത ഗവൺമെൻറിനുണ്ടാകും എന്ന് വ്യക്തമാക്കുമോ;

(സി) ഈ തസ്തികകൾ സൃഷ്ടിക്കുന്നതിന്റെ ഉദ്ദേശമെന്താണ്?

കൃഷി വകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) ഇല്ല.
(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. കെ. അബ്ദു: കേന്ദ്രഗവൺമെൻറ് അനുവദിക്കുന്ന ഗ്രാമവികസന സംയോജിത പ്രവർത്തനങ്ങൾക്കുവേണ്ടി 100 കോടി രൂപ കേന്ദ്ര ഗവൺമെൻറ് അനുവദിക്കുന്നു എന്നും ആ പണം ഉപയോഗിച്ച് കൃഷിവികസനത്തിന് ഉപദേശകസമിതികൾ ഉണ്ടാക്കുന്നതിന് ഈ മന്ത്രിസഭ കൂടി ആലോചിച്ച് തീരുമാനം എടുത്തു എന്നും ഒരു പത്രറിപ്പോർട്ട് വന്ന സംഗതി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: ആലോചിച്ചു വരുന്നതേയുള്ളു.

ശ്രീ. എം. സത്യനേശൻ: ഇന്നലെ ഈ സഭയിൽ ഗ്രാമവികസന പദ്ധതി നടപ്പാക്കാൻവേണ്ടി ഗസറ്റഡ് തസ്തികയിലുള്ള 300 ഉദ്യോഗസ്ഥൻമാരുടെ തസ്തികകൾ സൃഷ്ടിക്കാൻ പോകുന്നതായി പറഞ്ഞു. ഇന്ന് കൃഷി ഡിപ്പാർട്ടുമെൻറിൽ 300 തസ്തികകൾ സൃഷ്ടിക്കാൻ പോകുന്നതിന്റെ ഉദ്ദേശമെന്താണ്?

ശ്രീ. എ. എൽ. ജേക്കബ്: കൃഷി വകുപ്പിൽ പുതുതായി 300 ഗസറ്റഡ് തസ്തികകൾ സൃഷ്ടിക്കാനുള്ള ഉദ്ദേശം ഇപ്പോൾ ഗവൺമെൻറിന്റെ പരിഗണനയിൽ ഇല്ല. എന്നാൽ സംസ്ഥാനത്ത് ടി. ആൻറ് വി. പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി 10.23 കോടി രൂപയുടെ ഒരു കരടുരേഖ

LIBRARY ARCHIVES Kerala Legislative Assembly